# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6368 21.11.2019 ൽ മറുപടിക്ക്**

## റോഡിലെ തടസങ്ങൾ കണ്ടെത്താൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് റോഡുകളിൽ ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ, ട്രാൻസ് ഫോർമറുകൾ, സ്വകാര്യ വ്യക്തികൾ നിക്ഷേപിച്ചിരിക്കുന്ന നിർമ്മാണ സാമഗ്രികൾ, തുടങ്ങിയവ യഥാസമയം കണ്ടെത്തി നീക്കം ചെയ്ത് അപകടങ്ങൾ ഒഴിവാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ വീതി കൂട്ടൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇലക്ട്രിക് പോസ്റ്റുകൾ, ട്രാൻസ്ഫോർമറുകൾ എന്നിവ തടസ്സമായി വന്നാൽ അത് മാറ്റുന്നതിനായി വേണ്ടുന്ന ഫീസ് വകുപ്പ് തന്നെ കെ.എസ്.ഇ.ബിയിലേയ്ക്ക് അടയ്ക്കുകയും തുടർന്ന് കെ.എസ്.ഇ.ബി അത് മാറ്റി സ്ഥാപിക്കാറുമുണ്ട്. റോഡുകളുടെ വശങ്ങളിൽ സ്വകാര്യ വ്യക്തികളുടെ നിർമ്മാണ സാമഗ്രികൾ ശ്രദ്ധയിൽപ്പെട്ടാൽ നോട്ടീസ് നൽകി ഒഴിപ്പിക്കുന്നതിന് അതാത് പ്രദേശത്തെ ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാർക്ക് അധികാരമുണ്ട്. അവർ അത് നടപ്പിലാക്കാറുമുണ്ട്. |
| (ബി) | ഇപ്രകാരമുള്ള ഗതാഗത തടസ്സങ്ങൾ സംബന്ധിച്ച പരാതികൾ ലഭിച്ചാലുടനെയോ അതിനു മുമ്പോ വേഗത്തിൽ കണ്ടെത്തി നീക്കം ചെയ്യുന്നതിനും വകുപ്പിൽ ഒരു സ്ക്വാഡ് സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | പരിശോധിക്കുന്നതാണ്. |
| (സി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനും റോഡിന്റെ ഇരുവശങ്ങളിലും കാൽനടയാത്രക്കാർക്ക് മതിയായ സൗകര്യം ഉറപ്പുവരുത്തുന്നതിനുമുള്ള | (സി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനും, കാൽനട യാത്രക്കാർക്ക് സുരക്ഷിത യാത്ര സാധ്യമാക്കുന്നതിനും, തിരക്കുള്ള ജംഗ്ഷനുകളിൽ സ്ഥലലഭ്യത അനുസരിച്ച് |

നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഫുട് പാത്തുകൾ നൽകാറുണ്ട്. കൂടാതെ കാലാകാലങ്ങളിൽ റോഡ് സേഫ്റ്റി ഓഡിറ്റുകൾ നടത്തുകയും ആയതിൻപ്രകാരം തിരക്കുള്ള ജംഗ്ഷനുകളിൽ ഫുട് പാത്തുകൾ നിർമ്മിക്കുകയും ചെയ്യാറുമുണ്ട്. ഫുട് പാത്തുകളിൽ അനധികൃത കൈയ്യേറ്റം കണ്ടെത്തിയാൽ കൈയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പോലീസിന്റെ സഹായത്തോടെ ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിക്കാറുമുണ്ട്. റോഡുകൾ ടാർ ചെയ്യുന്നതിനോടൊപ്പം തന്നെ വശങ്ങൾ മണ്ണിട്ട് നിരപ്പാക്കുന്ന പ്രവൃത്തികളും നടപ്പിലാക്കാറുണ്ട്. പല സ്ഥലങ്ങളിലും ടൈലുകൾ പാകി ശക്തിപ്പെടുത്തി കാൽനട യാത്രക്കാർക്ക് സുരക്ഷിതമായ സഞ്ചാരത്തിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ജനത്തിരക്കേറിയ റോഡുകളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനായി മുന്നറിയിപ്പ് ബോർഡുകൾ സിഗ്നലുകൾ എന്നിവ സ്ഥാപിക്കാറുണ്ട്. ദേശീയ പാതകൾ നാലു വരിയായി വികസിപ്പിക്കുമ്പോൾ ഫുട് പാത്ത് നിർമ്മാണവും കാൽനട യാത്രക്കാരുടെ സുരക്ഷയും ഉറപ്പ് വരുത്തുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**